

# ദൈവം നല്ലവനായ ഒരു ദൈവമാണ്!

ആശിഷ് റായ്ച്ചൂർ

**സൗജന്യ വിതരണത്തിന് മാത്രം**
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ, ഇന്ത്യ.
നിലവിലെ പതിപ്പ്: 2024

**ബന്ധപ്പെടുവാനുള്ള വിവരങ്ങൾ**
All Peoples Church & World Outreach,
#319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ:+91-80-25452617
ഇമെയിൽ: **bookrequest@apcwo.org**
വെബ്സൈറ്റ്: **apcwo.org**

സൂചന നൽകിയിരിക്കുന്നവയൊഴിച്ച് മറ്റെല്ലാ തിരുവെഴുത്ത് ഉദ്ധരണികളും വിശുദ്ധ ബൈബിളിൽ നിന്നും—ബി.എസ്.ഐ-മലയാളം-ഒ.വി. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ (BSI) പ്രസിദ്ധീകരണം-എടുത്തിട്ടുള്ളതാകുന്നു. അനുമതി പ്രകാരം ഉപയോഗിച്ചിരിക്കുന്നു. എല്ലാ അവകാശങ്ങളും നിക്ഷിപ്തം.

**സാമ്പത്തിക പങ്കാളിത്തം**

ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണം നിങ്ങൾക്ക് ഗുണപ്രദമായെങ്കിൽ, ഓൾ പീപ്പിൾസ് ചർച്ചിൽ നിന്നുള്ള സൗജന്യ പ്രസിദ്ധീകരണങ്ങളുടെ അച്ചടിയെയും വിതരണത്തെയും സാമ്പത്തികമായി സഹായിക്കുന്നതിന് ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങളുടെ സംഭാവന നൽകുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്കായി ദയവായി **apcwo.org/give** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ഈ പുസ്തകത്തിന്റെ പിൻഭാഗത്തുള്ള "പാർട്ണർ വിത്ത് ഓൾ പീപ്പിൾസ് ചർച്ച്" എന്ന പേജ് കാണുകയോ ചെയ്യുക. നന്ദി!

**സൗജന്യ വിവരശേഖരങ്ങളും അനുബന്ധ വെബ്സൈറ്റുകളും**
**പ്രഭാഷണങ്ങൾ:** apcwo.org/sermons | **പുസ്തകങ്ങൾ:** apcwo.org/books
**ചർച്ച് ആപ്:** apcwo.org/app | **ബൈബിൾ കോളേജ്:** apcbiblecollege.org
**ഇ-ലേണിംഗ്:** apcbiblecollege.org/elearn | **കൗൺസെലിംഗ്:** chrysalislife.org
**സംഗീതം:** apcmusic.org | **ശുശ്രൂഷകരുടെ കൂട്ടായ്മ:** pamfi.org |
**എപിസി വേൾഡ് മിഷനുകൾ:** apcworldmissions.org

(Malayalam—God is a Good God)

# ദൈവം

# നല്ലവനായ

# ഒരു ദൈവമാണ്!

# ഉള്ളടക്കം


1. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ചിത്രം 1

2. ദൈവത്തിന്റെ യഥാർത്ഥ ചിത്രം വെളിപ്പെടുന്നു 2

3. ദൈവത്തെക്കുറിച്ചുള്ള സുപ്രധാന സത്യങ്ങൾ 5

4. ദൈവം നല്ലവനായ ഒരു ദൈവമാണ് 9

5. യേശുക്രിസ്തു—അദൃശ്യനായ ദൈവത്തിന്റെ യഥാർത്ഥ പ്രതിനിധാനം 12

# 1
# ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ചിത്രം

ദൈവത്തെക്കുറിച്ച് നമ്മുടെ പക്കലുള്ള ചിത്രം നാം "രൂപപ്പെടുത്തി" യെടുത്തത് വിവിധങ്ങളായ ഉറവിടങ്ങളിൽ നിന്നാണ്. അവയെല്ലാം തന്നെ മറ്റുള്ളവർ ദൈവത്തെക്കുറിച്ച് പറയുന്നതുകേട്ടുള്ള അറിവും നമ്മുടെ അനുഭവസമ്പത്തും, നിരീക്ഷണങ്ങളും വായനയും, വിശകലനങ്ങളും ഒക്കെ അടിസ്ഥാനപ്പെടുത്തിയും ആയിരിക്കാം ആ ചിത്രത്തിന് പൂർണ്ണത നൽകിയത്. എന്നാൽ ഇവയെല്ലാം ശരിയാകണമെന്നില്ല! ഉദാഹരണത്തിന്, ഇൻഷുറൻസ് കമ്പനികളെ സംബന്ധിച്ച് ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഭൂകമ്പം തുടങ്ങിയ ദാരുണമായ പ്രകൃതിദുരന്തങ്ങളെ "ദൈവത്തിന്റെ പ്രവൃത്തികൾ" എന്നു നിഷേധാത്മകമായി പരാമർശിക്കുന്ന വാദങ്ങൾ അവർക്കുണ്ട്. ഇപ്രകാരമുള്ള വാദങ്ങളിലേക്കാണ് നാം നയിക്കപ്പെടുന്നതെങ്കിൽ ദൈവത്തെക്കുറിച്ചുള്ള തെറ്റായ ധാരണകളാണ് നാം പടുത്തുയർത്തുവാൻ തുടങ്ങുക. ഇപ്രകാരം പതിവായി പ്രകൃതിയിൽ ഉണ്ടാകുന്ന ഭൂകമ്പങ്ങളുടെയും ചുഴലിക്കാറ്റുകളുടെയും പിന്നിൽ ദൈവമാണ് പ്രവർത്തിക്കുന്നതെന്ന ചിന്തയെ നാം സൃഷ്ടിച്ചെടുക്കുന്നു.

വളരെക്കാലം മുമ്പുതന്നെ നാം രക്ഷിക്കപ്പെട്ട് ക്രിസ്ത്യാനികളായിത്തീർന്നിട്ടുപോലും ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ചിത്രം പലപ്പോഴും വികൃതമോ, അപൂർണ്ണമോ, കൃത്യതയില്ലാത്തതോ ആണ്. ഒരുപക്ഷേ നമ്മുടെ ഹൃദയത്തിൽ ദൈവത്തിന്റെ യഥാർത്ഥ ചിത്രം പോലും ഇല്ലായിരിക്കാം. നമ്മുടെ മുൻകാല അനുഭവങ്ങളെ ആധാരമാക്കി ദൈവം എങ്ങനെയുള്ളവനാണെന്നും അവൻ എന്തു ചെയ്യുന്നു എന്നും എങ്ങനെ ചെയ്യുന്നു എന്നുള്ളതുമായ നീതിയുക്തമല്ലാത്തതും, തെറ്റിദ്ധാരണ നിറഞ്ഞതുമായ നമ്മുടേതായ ചില ധാരണകളെ നാം തന്നെ വച്ചുപുലർത്തുന്നുണ്ട്. ചില അവസരങ്ങളിൽ മതകേന്ദ്രങ്ങളിൽ നിന്നു കേട്ടതോ, അല്ലെങ്കിൽ ദൈവത്തെ വികലമായി വർണ്ണിച്ചിരിക്കുന്ന ചില ആത്മീക രചനകളിൽനിന്നും നാം വായിച്ചെടുത്തതോ ആയ അവസരങ്ങളിൽ നിന്നും ഇതുപോലെ ദൈവത്തെക്കുറിച്ച് തെറ്റായ ധാരണകൾ നമ്മിൽ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ദൈവത്തെക്കുറിച്ച് നമ്മുടെ പക്കലുള്ളത് ശരിയായ ചിത്രമാണെന്ന് നാം കരുതിയേക്കാം, എന്നാൽ യഥാർത്ഥത്തിൽ അത് ഒരു വികലമായ ചിത്രമാണ്.

# 2

# ദൈവത്തിന്റെ യഥാർത്ഥ ചിത്രം വെളിപ്പെടുന്നു

**റോമർ 1:20-23**

**[20]അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്ക് പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നെ.**
**[21]അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്ന് ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി.**
**[22]ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ട് അവർ മൂഢരായിപ്പോയി;**
**[23]അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യങ്ങളായി മാറ്റിക്കളഞ്ഞു.**

തന്റെ സൃഷ്ടികളലൂടെ തന്റെ സ്വഭാവം എന്താണെന്ന് ദൈവം നമുക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. അദൃശ്യമായ അവന്റെ ലക്ഷണങ്ങൾ, നിത്യശക്തി, ദൈവത്വം എന്നിവ വളരെ വ്യക്തമായി തന്റെ സൃഷ്ടികളിലൂടെ ദർശിക്കുവാനും മനസ്സിലാക്കുവാനും സാധിക്കുന്നു. സൃഷ്ടി അതിന്റെ സൃഷ്ടാവിനെ മഹത്വപ്പെടുത്തുന്നു (സങ്കീർത്തനങ്ങൾ 19:1-3). എന്നാൽ ദുഖകരമായ വസ്തുത എന്തെന്നാൽ "സൃഷ്ടാവിനു" പകരം "സൃഷ്ടിയെ" മനുഷ്യൻ ആരാധിക്കുവാൻ തുടങ്ങി എന്നുള്ളതാണ്. സൃഷ്ടാവിന്റെ സൃഷ്ടിയെ നോക്കിക്കൊണ്ട് അവനെക്കുറിച്ച് നമുക്ക് ഗ്രഹിക്കുവാൻ കഴിയും. എങ്കിലും, അവന്റെ സൃഷ്ടിയിൽ നിന്ന് ഒരു ദൈവത്തെ ഉണ്ടാക്കാതിരിക്കുവാൻ നാം ശ്രദ്ധിക്കേണം.

**2 തിമൊഥെയൊസ് 3:16**

**എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു.**

തന്റെ സൃഷ്ടിക്കു പുറമെ, ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥ ചിത്രം നമുക്ക് വെളിപ്പെടുത്തുന്നതാണ് ദൈവത്തിന്റെ വചനമാകുന്ന ബൈബിൾ. കാരണം അത് എഴുതിയത് ദൈവം തന്നെയാണ്. ദൈവപ്രചോദിതമായിട്ടാണ് തിരുവെഴുത്തുകൾ നമുക്ക് നൽകപ്പെട്ടിരിക്കുന്നത്. എല്ലാ തിരുവെഴുത്തും

ദൈവനിശ്വാസീയവും ദൈവനിവേശിതവുമെന്ന് നമുക്കറിയാവുന്ന കാര്യമാണ്. തിരുവെഴുത്തുകൾ രചിച്ചവരുടെ മേൽ ദൈവത്തിന്റെ കരമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ താൻ ആരാണെന്നും തന്റെ സ്വഭാവസവിശേഷതകളും നന്മകളും എന്താണെന്നും വെളിപ്പെടുത്തുന്ന പുസ്തകമാണ് വിശുദ്ധ വേദപുസ്തകം.

ബൈബിളിൽ നാം ദൈവത്തിന്റെ സ്വഭാവസവിശേഷതകളും നന്മകളും എന്താണെന്ന് വായിക്കുന്നു.

- **ദൈവം സ്വയം നിലനിൽക്കുന്നവനാണ്.** തന്റെ നിലനിൽപ്പിന് വേണ്ടി താൻ ഒന്നിനെയും ആശ്രയിക്കുന്നില്ല.
- **ദൈവം നിത്യനാണ്.** സമയം ഉണ്ടാകുന്നതിന് മുമ്പെ അവൻ ഉണ്ടായിരുന്നു, ഉണ്ടായിരിക്കുകയും ചെയ്യും.
- **ദൈവം സൃഷ്ടാവാണ്.** അവൻ സകലതും സൃഷ്ടിച്ചു.
- **ദൈവം സർവ്വശക്തനാണ്.** അവന് സകലവും സാധ്യമാണ്.
- **ദൈവം സർവ്വജ്ഞാനവും സകലവും അറിയുന്നവനാണ്.** ദൈവം സർവ്വജ്ഞാനിയാണ്.
- **ദൈവം എല്ലായിടത്തും സന്നിഹിതനാണ്.** ദൈവം സർവ്വവ്യാപിയാണ്. അവന്റെ സാന്നിധ്യം എല്ലാക്കാലത്തും എല്ലായിടത്തുമുണ്ട്.
- **ദൈവം വ്യക്തിത്വമുള്ള ആത്മാവാകുന്നു.** അവൻ വ്യക്തിത്വമുള്ളവനും വികാരവും സംവേദന ക്ഷമതയുള്ളവനുമാകുന്നു.
- **ദൈവം അപരിമിതേയനാണ്.** അവൻ എല്ലാറ്റിനും അതീതനാണ്.
- **ദൈവം മാറാത്തവനാണ്.** അവൻ മാറ്റമില്ലാത്തവനാണ്. നമുക്ക് പ്രായമാകുകയും ചില സ്വഭാവസവിശേഷതകൾ നമ്മിൽ രൂപപ്പെടുകയും അവ രൂപാന്തരപ്പെടുകയും ചെയ്യും. എന്നാൽ ദൈവത്തിന് അപ്രകാരം ആവശ്യമില്ല.
- **ദൈവം പരമാധികാരിയാണ്.** അവന് എന്നോടോ നിങ്ങളോടോ അഭിപ്രായം ആരായേണ്ടതില്ല. അവന് പ്രസാദമുള്ളത് അവൻ ചെയ്യുന്നു.
- **ദൈവം പരിശുദ്ധനാണ്.**
- **ദൈവം ധാർമ്മികനാണ്.**

- **ദൈവം നീതിമാനാണ്.**
- **ദൈവം സത്യത്തിന്റെ ദൈവമാണ്.**
- **ദൈവം സ്നേഹത്തിന്റെ ദൈവമാണ്.**
- **ദൈവം നന്മയുടെ ദൈവമാണ്.** ദൈവം നല്ലവനും, നന്മ അവന്റെ സ്വഭാവ സവിശേഷതയുമാണ്. ഈ സ്വഭാവസവിശേഷതയാണ് തുടർന്നുള്ള അദ്ധ്യായങ്ങളിൽ നാം പരിശോധിക്കുവാൻ പോകുന്നത്.

# 3

# ദൈവത്തെക്കുറിച്ചുള്ള സുപ്രധാന സത്യങ്ങൾ

ഇതാ ദൈവത്തെക്കുറിച്ചുള്ള ചില സുപ്രധാന സത്യങ്ങൾ.

**ദൈഹിതം എപ്പോഴും അവൻ ആരാണെന്നുള്ള തന്റെ പ്രകൃതവുമായി പൊരുത്തപ്പെട്ടു നിൽക്കുന്നു**

ദൈവം ആരെന്ന് നാം അറിയുന്നുവെങ്കിൽ, അവന്റെ ഹിതം എന്തെന്നും നാം അറിയും. നമ്മോടുള്ള അവന്റെ ഇഷ്ടത്തിന് ഒരിക്കലും അവൻ ആരാണെന്നോ അവന്റെ സ്വഭാവം എന്താണെന്നോ ഉള്ളതിനോട് ഒരിക്കലും വിരുദ്ധമാകയില്ല. ചിലപ്പോൾ ദൈവഹിതം എന്തെന്ന് നാം അറിയുന്നില്ല എന്ന് പറയുന്നു എങ്കിൽ, ഒരുപക്ഷേ നാം അവനെ അറിയുന്നില്ല എന്നതായിരിക്കാം യാഥാർത്ഥ്യം. ഉദാഹരണത്തിന്, പാപങ്ങൾ ക്ഷമിക്കുക എന്നത് ദൈവഹിതമാണോ എന്നറിയേണ്ടതിന് നാം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നില്ല! ദൈവം പാപത്തെ ക്ഷമിക്കുന്നവനെന്നും ക്ഷമ എന്നത് അവന്റെ സ്വഭാവമാണെന്നും നാം അറിയുന്നതുകൊണ്ടാണ് നാം അവനെ സമീപിക്കുന്നത്. രോഗിയായ ആളുടെ കാര്യത്തിലും ഇതുതന്നെയാണ് ബാധകം. ദൈവം സൗകൃദായകനാണ്. രോഗിയെ സൗഖ്യമാക്കുന്നത് അവന്റെ ഹിതവുമാണ്. അത് അവന്റെ സ്വഭാവത്തോടു വിരുദ്ധമായല്ല നിൽക്കുന്നത്, മറിച്ച് പൊരുത്തപ്പെടുന്നതാണ്. അതിനാൽ എല്ലാ രോഗികളെയും സൗഖ്യമാക്കുന്നത് അവന് ഇഷ്ടമാണ്. അവൻ പറഞ്ഞു, *"ഞാൻ യഹോവ റാഫാ ആണ്,"* അതുവഴി താൻ സൗഖ്യമാക്കുന്നവനെന്നുള്ള അവന്റെ പ്രകൃതം വെളിപ്പെടുത്തുകയാണ്.

**ദൈവം തന്റെ പ്രകൃതത്തിനും സ്വഭാവത്തിനും അനുസൃതമായി എല്ലാം പ്രവർത്തിക്കുന്നു**

ആയതിനാൽ, അവൻ ആരെന്ന് നാമറിയുന്നുവെങ്കിൽ, അവൻ എന്തു പ്രവർത്തിക്കുന്നു എന്ന് നമുക്ക് അറിയാം. വിവാഹിതരായവർക്ക് ഇത് നന്നായി മനസ്സിലാകും. എന്റെ ഭാര്യ ആമിക്ക് ഞാൻ എന്താണ് ചിന്തിക്കുന്നതെന്ന് മുൻകൂട്ടി പറയുവാനും, ഞാൻ എങ്ങനെ പെരുമാറും, ഒരു പ്രത്യേക സാഹചര്യത്തിൽ എന്തു

ചെയ്യും എന്നൊക്കെ അറിയുവാനും കഴിയും. കാരണം അവൾക്ക് എന്നെ അറിയാം. ചില നാളുകൾക്കുള്ളിൽ അവൾ എന്റെ പ്രകൃതവും സ്വഭാവവും മനസ്സിലാക്കിക്കഴിഞ്ഞു. അതുപോലെ, നാം ദൈവത്തെ മനസ്സിലാക്കുമ്പോൾ അവൻ എന്തു ചെയ്യുന്നു എന്ന് നാം അറിയുന്നു. അവന്റെ പ്രവൃത്തികളെല്ലാം അവന്റെ പ്രകൃതത്തിനും സ്വഭാവത്തിനും അനുസൃതമായിരിക്കും.

നാം മുമ്പെ പ്രസ്താവിച്ചതുപോലെ, ബൈബിൾ നമുക്ക് ദൈവത്തെ വെളിപ്പെടുത്തിത്തരുന്നു. അതിനാൽ ദൈവം ആരെന്നും അവന്റെ പ്രകൃതവും സ്വഭാവവും എന്തെന്ന് അറിയുവാനും ബൈബിൾ വായിക്കുന്നത് നമുക്ക് പ്രയോജനപ്രദമാണ്.

## ദൈവം തന്റെ സ്വഭാവത്തിനും പ്രകൃതത്തിനും വൈരുദ്ധ്യമായി ഒന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല

"ഞാൻ സത്യത്തിന്റെ ദൈവമാണ് എന്നാൽ ചിലപ്പോൾ കള്ളവും പറയുന്നു" എന്ന് ദൈവം പറയുന്നില്ല. അതുപോലെ "ഞാൻ ഒരു നല്ല ദൈവമാണ് എന്നാൽ ചില അവസരങ്ങളിൽ മോശമായ കാര്യങ്ങളും ചെയ്യുന്നു" എന്നും അവന് പറയുവാൻ ഒരിക്കലും കഴിയില്ല. അതായത്, അവൻ ഒരിക്കലും അവന്റെ സ്വഭാവത്തിന് വിരുദ്ധമായി ഒന്നും ചെയ്യുന്നില്ല. നാം കേൾക്കുന്നത് ദൈവത്തിൽ നിന്നാണോ, പിശാചിൽ നിന്നാണോ അതോ നമ്മിൽ നിന്ന് തന്നെയാണോ എന്ന് കണ്ടെത്തുന്ന കാര്യം ഇത് എളുപ്പമാക്കുന്നു. നമ്മൾ കേൾക്കുന്ന കാര്യം ദൈവത്തിന്റെ സ്വഭാവത്തോടും പ്രകൃതത്തോടും യോജിച്ചാണ് നിൽക്കുന്നതെങ്കിൽ അത് ദൈവത്തിൽ നിന്ന് തന്നെയാണെന്നുള്ളത് എന്ന് നിർണ്ണയിക്കുവാൻ നമുക്ക് വളരെ എളുപ്പമാണ്. എന്നാൽ ഇത് ദൈവത്തിന്റെ സ്വഭാവത്തിന് വിരുദ്ധമാണെങ്കിൽ അത് ദൈവത്തിൽ നിന്നുള്ളതല്ല. അതുകൊണ്ട്, നമുക്ക് അവനെ ഗ്രഹിക്കുവാൻ കഴിയുന്നു എങ്കിൽ അവൻ പറയുന്നതും പ്രവർത്തിക്കുന്നതും നമുക്ക് ഗ്രഹിക്കുവാനും കഴിയും.

## ദൈവത്തിന്റെ ശക്തി തികച്ചും പരിധിയില്ലാത്തതാണ്, എന്നിട്ടും താൻ ചെയ്യുകയില്ലാത്ത ചില കാര്യങ്ങളുണ്ട്

താൻ ചില കാര്യങ്ങൾ ചെയ്യുകയില്ല എന്ന് ദൈവം പ്രഖ്യാപിച്ചിട്ടുണ്ട്. ഉദാഹരണത്തിന്,

- ദൈവത്തിന് തന്നെത്തന്നെ നിഷേധിക്കുവാൻ സാധ്യമല്ല (2 തിമൊഥെയൊസ് 2:13)
- അവന് കള്ളം പറയുവാൻ കഴിയുകയില്ല (തിത്തൊസിന് 1:2)
- അവന് പാപം ചെയ്യുവാൻ കഴിയുകയില്ല (യാക്കോബ് 1:13)

ദൈവത്തിന്റെ സ്വഭാവത്തിന് വിരുദ്ധമായതുകൊണ്ട് അവന് അവ ചെയ്യുവാൻ കഴിയുകയില്ല. അവൻ ഒരിക്കലും അവിശ്വസ്തനായിരിക്കുകയോ, കള്ളം പറയുകയോ, സ്നേഹിക്കുന്നത് അവസാനിപ്പിക്കുകയോ ചെയ്യുകയില്ല.

## ദൈവം മനുഷ്യർക്ക് നൽകിയിട്ടുള്ള സ്വതന്ത്രമായ ധാർമ്മിക ഇച്ഛയിന്മേൽ (തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം) മേലധികാരം നടത്തുകയില്ല

നന്മയോ, തിന്മയോ ആയ ഏതും തിരഞ്ഞെടുക്കുവാനുള്ള നമ്മുടെ സ്വതന്ത്ര ധാർമ്മിക ഇച്ഛയിന്മേൽ ഇടപെടുവാൻ ദൈവം തന്റെ പരമാധികാരത്തിൽ ശ്രമിക്കുന്നില്ല. അതുകൊണ്ടാണ് ആദമും ഹവ്വയും പാപം ചെയ്യുന്നതിൽ നിന്ന് ദൈവം അവരെ തടയാതിരുന്നത്. അഥവാ ദൈവം നമ്മുടെ സ്വതന്ത്രമായ ധാർമ്മിക ഇച്ഛയിൽ അധികാരം നടത്തിയാൽ നാം മനുഷ്യരായിരിക്കയില്ല, മറിച്ച് യന്ത്രമനുഷ്യൻ മാത്രമായിരിക്കും. അതുപോലെ ദൈവം യന്ത്രമനുഷ്യനെ അല്ല സൃഷ്ടിച്ചത്. സ്വതന്ത്ര ഇച്ഛ നൽകിക്കൊണ്ട് തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ഉള്ള മനുഷ്യനെയാണ് ദൈവം സൃഷ്ടിച്ചത്. തിരഞ്ഞെടുക്കുവാനുള്ള നമ്മുടെ സ്വാതന്ത്ര്യം—ആ സ്വതന്ത്ര ഇച്ഛയിൽ ഒരിക്കലും ദൈവം അധികാരം എടുക്കുകയില്ല. അവൻ നമ്മിൽ സ്വാധീനം ചെലുത്തും, തിരുത്തും, പഠിപ്പിക്കും, വഴിനടത്തും, നമ്മിൽ പ്രവർത്തിക്കും, അവൻ തന്റെ വചനം നമുക്ക് നൽകുകയും അവന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യും. എന്നാൽ നമുക്ക് വേണ്ടി അവൻ തിരഞ്ഞെടുപ്പ് നടത്തുകയില്ല. അതുകൊണ്ടാണ് ദൈവം മനുഷ്യനെ നരകത്തിലേക്ക് പോകുവാൻ അനുവദിക്കുന്നത്. ചില ആളുകൾ സ്വർഗ്ഗത്തിലേക്കും ചിലർ നരകത്തിലേക്കും പോകട്ടെ എന്ന് ഒരിക്കലും ദൈവം ആരോടും പറഞ്ഞിട്ടില്ല. അത് പക്ഷപാതപരമാകും. മനുഷ്യരാണ് തിരഞ്ഞെടുപ്പുകൾ നടത്തുന്നത്. അപ്പോൾ ദൈവം നിയന്ത്രിക്കുന്നു എന്നു നാം പറയുമ്പോൾ,

അത് പൊതുവായി പറഞ്ഞാൽ വാസ്തവമാണ്. എന്നാൽ പ്രത്യേകിച്ചും, ഭൂമിയിൽ നാം എടുക്കുന്ന ഇച്ഛാസ്വാതന്ത്ര്യത്തിന്റെയോ തിരഞ്ഞെടുപ്പുകളുടെയോ നിയന്ത്രണം ദൈവത്തിനില്ല. തികച്ചും വിഡ്ഢിത്തമോ നാശകരമോ ആയ എന്തെങ്കിലും നാം ചെയ്യുവാൻ തീരുമാനമെടുക്കുന്നുവെങ്കിൽ—അത് നമ്മുടെ മാത്രം തിരഞ്ഞെടുപ്പാണ്.

# 4

# ദൈവം നല്ലവനായ ഒരു ദൈവമാണ്

ദൈവത്തെക്കുറിച്ച് ധാരാളം കാര്യങ്ങൾ ബൈബിൾ വെളിപ്പെടുത്തുന്നതിൽ, തെറ്റുപറ്റാത്ത ഒരു യാഥാർത്ഥ്യം തിരുവെഴുത്തിൽ ആവർത്തിച്ച് പറയുന്നുണ്ട്—ദൈവം നല്ലവനായ ഒരു ദൈവമാണ്!

**സങ്കീർത്തനങ്ങൾ 34:8**
**യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ;**
**അവനെ ശരണം പ്രാപിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.**

**സങ്കീർത്തനങ്ങൾ 100:5**
**യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്;**
**അവന്റെ വിശ്വസ്തത തലമുറതലമുറയായും ഇരിക്കുന്നു.**

**സങ്കീർത്തനങ്ങൾ 107:1,8**
**1യഹോവക്ക് സ്തോത്രം ചെയ്യുവിൻ; അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളത്.**
**8അവർ യഹോവയെ അവന്റെ നനമയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ.**

എല്ലാ കാര്യങ്ങളും വളരെ ശ്രേഷ്ഠകരമായ നിലയിൽ കാണുമ്പോൾ നാം സാധാരണയായി ദൈവത്തെയും അവന്റെ നന്മയെയുംപറ്റി സ്തുതിക്കുകയും നന്ദിപറയുകയും ചെയ്യാറുണ്ട്. അതേസമയം, കാര്യങ്ങൾ "അത്ര ശ്രേഷ്ഠമല്ല" എന്ന് കാണുമ്പോൾ ദൈവം നല്ലവനായിരിക്കുന്നത് അവസാനിപ്പിച്ചു എന്ന് നാം പലപ്പോഴും കരുതാറുമുണ്ട്. ഒരു ദിവസത്തിന്റെ ആരംഭത്തിൽ ചില മണിക്കൂറുകൾ നാം പ്രാർത്ഥനയിൽ ചിലവിട്ടശേഷം, ആ ദിവസം ദൈവം നമുക്ക് നല്ലവനായിത്തീരും എന്നും നാം ചിലപ്പോൾ കണക്കു കൂട്ടാറുണ്ട്. എന്നാൽ, തൊട്ടടുത്ത ദിവസം പ്രാർത്ഥനയിൽ ചില മിനിട്ടുകൾ മാത്രമാണ് നാം ചിലവഴിച്ചതെങ്കിൽ, നാം കരുതാറുണ്ട് ദൈവം ഈ ദിവസം നമ്മോടു അത്ര നല്ലവനായിരിക്കില്ല എന്ന്. നാം എത്രനേരം പ്രാർത്ഥിച്ചു എന്നതിനെ ആശ്രയിച്ചാണ് നാം ദൈവത്തിന്റെ നന്മയെ കണക്കിടുന്നത് എങ്കിൽ, ആ ചിന്ത മുഖാന്തരം നാം എല്ലാവരും

അപരാധികളാണ്. എന്നാൽ ദൈവം ആരാണ് എന്നതുകൊണ്ടുതന്നെ നാം പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും അവൻ നമുക്ക് നല്ലവൻ തന്നെയാണ്.

നമ്മിൽ പലരും വിചാരിക്കുന്നത് ദൈവം ക്രിസ്ത്യാനികൾക്ക് മാത്രമാണ് നല്ലവൻ എന്നാണ്. എന്നാൽ തിരുവെഴുത്ത് പറയുന്നത്,

**സങ്കീർത്തനങ്ങൾ 145:8,9**
**8യഹോവ കൃപയും കരുണയും ദീർഘക്ഷമയും ഉള്ളവൻ.**
**9യഹോവ എല്ലാവർക്കും നല്ലവൻ; തന്റെ സകല പ്രവൃത്തികളോടും അവന് കരുണ തോന്നുന്നു.**

ദൈവം എല്ലാവർക്കും നല്ലവൻ. നമ്മെ പീഡിപ്പിക്കുന്നവരോട് പോലും. സഭയിൽ പോകുന്നവർക്ക് മാത്രമല്ല പാപികൾക്കും അവൻ നല്ലവനാണ്.

**മത്തായി 5:45**
**സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മാരായി തീരേണ്ടതിനു തന്നെ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിപ്പിക്കയും ചെയ്യുന്നവല്ലോ.**

അതുകൊണ്ടാണ് കുഴപ്പത്തിൽ അകപ്പെട്ടുപോയ പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കുന്നതും ഇനിയും അവരുടെമേൽ ദൈവത്തിന്റെ നന്മയെ പകരണമെന്ന് അപേക്ഷിക്കുവാനും നമുക്കു കഴിയുന്നത്. ദൈവം എല്ലാവർക്കും നല്ലവനാണ്. പാപിയോട് അവൻ പള്ളിയിൽ വരുന്നതിനു മുമ്പ് തന്നെ എല്ലാ കുറ്റങ്ങളും ഏറ്റു പറഞ്ഞെങ്കിൽ മാത്രമേ ദൈവമുമ്പാകെ വരുവാനും ദൈവം തനിക്ക് നല്ലവൻ ആയി വെളിപ്പെടുകയും ചെയ്യൂ എന്ന് പറയേണ്ട ആവശ്യമില്ല. *"യഹോവ എല്ലാവർക്കും നല്ലവൻ; തന്റെ സകലപ്രവൃത്തികളോടും അവനു കരുണ തോന്നുന്നു"* (സങ്കീർത്തനങ്ങൾ 145:9). പാപിയെ അവൻ ആയിരിക്കുന്നതുപോലെ തന്നെ—പാപവും, പ്രശ്നകലുഷിതവും ആയ എല്ലാ അവസ്ഥയിലും—ദൈവസന്നിധിയിലേക്ക് വരുവാൻ അനുവദിക്കുക. ദൈവത്തിന്റെ നാം അവനെ മാനസാന്തരത്തിലേക്ക് നയിക്കും (റോമർ 2:4).

ദൈവം നല്ലവനായ ദൈവമായതിനാൽ, നമുക്കുവേണ്ടി ദൈവം നന്മതന്നെയാണ് ആഗ്രഹിക്കുന്നത്. "ഞാൻ ഒരു നല്ല ദൈവമാണ്, എന്നാൽ നിങ്ങൾക്കുവേണ്ടി ഞാൻ ആഗ്രഹിക്കുന്നത് മോശമായ കാര്യങ്ങൾ ആണ്" എന്ന് ദൈവം പറഞ്ഞ് അവന് സ്വയം

വിരുദ്ധനാകുവാൻ കഴിയില്ല. അവൻ പറയുന്നതും ചെയ്യുന്നതും ഇഷ്ടപ്പെടുന്നതും എല്ലായ്പ്പോഴും നന്മ തന്നെയാണ്.

## ദൈവം ഒരു നല്ല ദൈവമായതുകൊണ്ട് അവൻ ഉദാരമതിയായ ദാതാവുമാണ്

**മത്തായി 7:7-11**

**7 യാചിപ്പിൻ, എന്നാൽ നിങ്ങൾക്ക് കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും.**
**8 യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന് തുറക്കും.**
**9 മകൻ അപ്പം ചോദിച്ചാൽ അവന് കല്ല് കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളൂ?**
**10 മീൻ ചോദിച്ചാൽ അവന് പാമ്പിനെ കൊടുക്കുമോ?**
**11 അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും!**

ഭൂമിയിലെ പിതാക്കന്മാർ തങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുക്കുവാൻ കഴിയുന്നു എങ്കിൽ പിതൃഹൃദയമുള്ള ദൈവത്തെ വിലകുറച്ചു കാണരുത്. പരമമായ പിതാവാണ് ദൈവം. നാമോ, ദുഷിച്ചവരായിരുന്നാലും, നമ്മുടെ മക്കളെ ഏറെ സ്നേഹത്തോടും കരുതലോടുംകൂടി പരിപാലിക്കുന്നുവെങ്കിൽ, അപരിമേയനായ വലിയ ദൈവം തന്റെ കുഞ്ഞുങ്ങൾക്കു വേണ്ടി ഏറ്റവും മേൽത്തരമായ കാര്യങ്ങളെ ആഗ്രഹിക്കുന്നു എന്ന കാര്യത്തിൽ ഞാൻ ഉറപ്പു നൽകാം.

**യാക്കോബ് 1:17**

**എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്ന് വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങിവരുന്നു. അവന്നു വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല.**

**സങ്കീർത്തനങ്ങൾ 84:11**

**യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു;**
**യഹോവ കൃപയും മഹത്വും നൽകുന്നു;**
**നേരോടെ നടക്കുന്നവർക്ക് അവൻ ഒരു നന്മയും മുടക്കുകയില്ല.**

തികവുള്ളതും നല്ലതുമായ ദാനങ്ങളെ നൽകുന്നവനാണ് ദൈവം. അവൻ ഒരിക്കലും നമ്മിൽ നിന്ന് നന്മയെ പിടിച്ചുവെക്കുകയില്ല.

# 5

# യേശുക്രിസ്തു—അദൃശ്യനായ ദൈവത്തിന്റെ യഥാർത്ഥ പ്രതിനിധാനം

**കൊലൊസ്സ്യർ 1:15**
**അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും;...**

**2 കൊരിന്ത്യർ 4:4**
**ദൈവപ്രതിമായായ ക്രിസ്തുവിന്റെ...**

**എബ്രായർ 1:3**
**അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ട് പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരിക്കയും...**

ദൈവത്തിന്റെ വ്യക്തിത്വം, ഹിതം, മനസ്സ്, വികാരങ്ങൾ എന്നിവയുടെ യഥാർത്ഥമായ പ്രാതിനിധ്യമാണ് യേശു. യേശു ഭൂമിയിലായിരിക്കുമ്പോൾ അവൻ ചെയ്ത പ്രവൃത്തികളിലൊന്നും ദുഷ്ടതയുണ്ടായിരുന്നില്ല. രോഗികൾ അവന്റെ അരികിലേക്ക് വന്നാൽ ഒരിക്കലും അവൻ അവർക്കെതിരെ മുഖം തിരിച്ച നിന്നിട്ടില്ല, മറിച്ച് അവരെയെല്ലാവരെയും സൗഖ്യമാക്കിയിരുന്നു. അവൻ അപ്പവും മീനും വർദ്ധിപ്പിച്ച് ജനത്തിന്റെ വിശപ്പടക്കി—അവരുടെ ഭൗതിക ആവശ്യങ്ങൾ നടത്തിക്കൊടുത്തു. അങ്ങനെ അവൻ ദൈവം ആരെന്ന് കാണിച്ചു തരികയും നമ്മുടെ ഭൗമീക ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും ദൈവത്തിന് താൽപര്യമുണ്ടെന്ന് വെളിപ്പെടുത്തുകയും ചെയ്തു.

**മത്തായി 15:22**
**ആ ദേശത്തുനിന്നു ഒരു കനാന്യസ്ത്രീ വന്നു, അവനോടു: കർത്താവേ, ദാവീദ് പുത്രാ, എന്നോടു കരുണ തോന്നേണമേ; എന്റെ മകൾക്ക് ഭൂതോപദ്രവം കഠിനമായിരിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു.**

**മത്തായി 20:30**
**അപ്പോൾ വഴിയരികെ ഇരിക്കുന്ന രണ്ടു കുരുടന്മാർ യേശു കടന്നുപോകുന്നത് കേട്ടു: കർത്താവേ, ദാവീദ് പുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചു.**

കനാനിലെ സ്ത്രീയും കുരുടന്മാരായ രണ്ടുപേരും യേശുവിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട് തങ്ങളോട് കരുണ കാണിക്കേണമെന്നും നന്മ ചെയ്യേണമെന്നും ആവശ്യപ്പെട്ടു. അവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും അവർ സൗഖ്യമാകുകയും ചെയ്തു. യേശു അദൃശ്യനായ ദൈവത്തിന്റെ പ്രതിമയാണ്, ദൈവം ആരാണെന്നുള്ളതിന്റെ യഥാർത്ഥമായ പ്രദർശനമാണ്. നമുക്കും ദൈവത്തിന്റെ നന്മയിൽ ആശ്രയിക്കുവാനും എല്ലാ ദിവസവും അവന്റെ നന്മ അനുഭവിക്കുവാനും കഴിയും.

## ഇക്കാര്യങ്ങൾ നിങ്ങളെത്തന്നെ ഓർമ്മിപ്പിക്കുക

- ദൈവത്തിന്റെ ഹിതം എല്ലായ്പ്പോഴും അവന്റെ പ്രകൃതവുമായി പൊരുത്തപ്പെട്ടിരിക്കുന്നു—അവൻ ആരെന്നുള്ള കാര്യം.

ആയതിനാൽ, **അവൻ ആരെന്ന്** നിങ്ങൾക്ക് അറിയാമെങ്കിൽ **അവന്റെ ഹിതവും** എന്തെന്ന് നിങ്ങൾക്ക് അറിയുവാൻ കഴിയും. ചില ആളുകൾ ദൈവഹിതം എന്നതിനെ ഭയാനകമായി കാണുന്നു. ദൈവഹിതത്തിന് സമർപ്പിക്കുന്നതാണ് നിങ്ങൾക്ക് സംഭവിക്കാവുന്നതിൽ ഏറ്റവും നല്ല കാര്യമായിരിക്കുന്നത്. കാരണം നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം എപ്പോഴും നല്ലതായിരിക്കും. സന്തോഷമുള്ളവരായിരിക്കുക!

- തന്റെ സ്വഭാവത്തിനും പ്രകൃതത്തിനും അനുസൃതമായിട്ടാണ് ദൈവം എല്ലാം ചെയ്യുന്നത്.

അവൻ ആരെന്ന് നിങ്ങൾക്കറിയാമെങ്കിൽ, **അവൻ എന്താണ് ചെയ്യുന്നതെന്ന്** നിങ്ങൾക്കറിയാം. ദൈവം നല്ല കാര്യങ്ങളെ പ്രവർത്തിക്കുന്നു എന്ന് വളരെ ആർജ്ജവത്തോടെ നിങ്ങൾക്ക് പറയുവാനാകും. തീർച്ചയായും അവൻ നിങ്ങൾക്ക് താക്കീതു നൽകുകയും തിരുത്തുകയും ചെയ്യും. എങ്കിലും അവയെല്ലാം നിങ്ങളുടെ നന്മയെക്കരുതിയാകും ചെയ്യുക.

- ദൈവം തന്റെ സ്വഭാവത്തിനും പ്രകൃതത്തിനും സ്വയം വൈരുദ്ധ്യമായി ഒന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല.

ദൈവം ഒരിക്കലും നിങ്ങളോട് മോശമായത് പറയുകയോ "നിങ്ങൾ നരകത്തിൽ പോകും" എന്നു പ്രവചിക്കുകയോ ചെയ്യുകയില്ല. അവിടുന്ന്

എല്ലായ്പ്പോഴും നല്ലത് മാത്രമാണ് പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. നിങ്ങളോട് തിന്മ ചെയ്യാനാവാത്തവിധം അവൻ വളരെ നല്ലവനാണ്, നിങ്ങൾക്ക് പിശക് പറ്റാനാവാത്തവിധം അവൻ ബുദ്ധിമാനാണ്, നിങ്ങളോട് കള്ളം പറയുവാൻ കഴിയാത്തവിധം അവൻ സത്യവാനാണ്, നിങ്ങളെ നിരാശപ്പെടുത്തുവാൻ കഴിയാത്തവിധം അവൻ ശക്തനാണ്.

## എന്നാൽ ദൈവം വളരെ നല്ലവനാണെങ്കിൽ, എന്തുകൊണ്ട് ലോകത്തിൽ ദോഷകരമായ കാര്യങ്ങൾ സംഭവിക്കുന്നു?

പ്രകൃതി ദുരന്തങ്ങളായ വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, അതുകൂടാതെ ഭീകരപ്രവർത്തനങ്ങൾ, നഗരങ്ങളിലെ കുറ്റകൃത്യങ്ങൾ തുടങ്ങിയവയാൽ അനവധി ആളുകൾ മരിച്ചുവീഴുന്നതായി നാം പത്രമാധ്യമങ്ങളിൽ നിരന്തരം കാണാറുണ്ട്. ദൈവം നല്ലവനായിരുന്നെങ്കിൽ എന്തുകൊണ്ടാണ് ഇതുപോലെയുള്ള അനർത്ഥങ്ങൾ സംഭവിക്കുന്നത്? അതുപോലെ എന്തുകൊണ്ടാണ് നല്ല മനുഷ്യർക്ക് ദോഷമായ കാര്യങ്ങൾ ഉണ്ടാകുന്നത്?

ദൈവം നല്ലവനാണ്, എന്നാൽ ദുഷ്ടനായ പിശാച് (സാത്താൻ) ഭൂമിയിലുണ്ട്. പിശാചാണ് തിന്മ ചെയ്യുന്നതിനായി സ്വാധീനിക്കുന്നതും, പ്രേരിപ്പിക്കുന്നതും. ദുഃഖകരമെന്ന് പറയട്ടെ, അറിഞ്ഞോ അറിയാതെയോ ഭൂമിയിൽ നാശം വിതയ്ക്കുവാനായി മനുഷ്യർ സാത്താന്റെ പിണിയാളുകളായി മാറുന്നു. ആദമിന്റെ പാപം മുഖാന്തരമാണ് പിശാചിന് ലോകത്തിൽ പ്രവർത്തിക്കുവാൻ സാധ്യമായിത്തീർന്നത്. ആദമിന്റെ കൈകളിലാണ് ഭൂമിയെ നൽകിയിരുന്നത്, എന്നാൽ ദൈവത്തോടുള്ള ആദമിന്റെ അനുസരണക്കേടു മൂലം ഭൂമിയുടെ നിയന്ത്രണം സാത്താന്റെ കൈകളിലെത്തുകയായിരുന്നു. എന്തായാലും ഇത് അൽപ്പകാലത്തേയ്ക്കു മാത്രമേ ഉള്ളൂ. അതുകൊണ്ടാണ് സാത്താൻ ഇത്ര ചുടുപിടിച്ച് ഭൂമിയിൽ പ്രവർത്തിക്കുന്നത് (വെളിപ്പാട് 12:12). സാത്താനും തന്റെ ദൂതഗണത്തിനും ഭൂമിയിന്മേലുള്ള തങ്ങളുടെ നിയന്ത്രണം അവസാനിപ്പിച്ച് ഭൂമിയിൽ നിന്ന് പുറത്താക്കപ്പെടുന്ന ഒരു "സമയം" ഉണ്ട് (മത്തായി 8:29). സാത്താനും അവന്റെ ദൂതസഞ്ചയങ്ങൾക്കും എതിരെ ദൈവം എന്താണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വെളിപ്പാടു പുസ്തകം വെളിപ്പെടുത്തുന്നു (വെളിപ്പാട് 20:10,14).

**ലൂക്കോസ് 8:22-25**

**[22]ഒരു ദിവസം അവൻ ശിഷ്യന്മാരുമായി പടകിൽ കയറി; "നാം തടാകത്തിന്റെ അക്കരെ**
**പോക" എന്ന് അവരോട് പറഞ്ഞു.**
**[23]അവർ നീക്കി ഓടുമ്പോൾ അവൻ ഉറങ്ങിപ്പോയി. തടാകത്തിൽ ഒരു ചുഴലിക്കാറ്റ്**
**ഉണ്ടായി.**
**[24]പടകിൽ വെള്ളം നിറഞ്ഞിട്ട് അവർ പ്രാണഭയത്തിലായി അടുക്കെ ചെന്നു: നാഥാ,**
**ഞങ്ങൾ നശിച്ചുപോകുന്നു എന്നു പറഞ്ഞ് അവനെ ഉണർത്തി; അവൻ എഴുന്നേറ്റു**
**കാറ്റിനെയും വെള്ളത്തിന്റെ കോപത്തെയും ശാസിച്ചു; അവ അമർന്നു ശാന്തത ഉണ്ടായി.**
**[25]പിന്നെ അവരോട്: "നിങ്ങളുടെ വിശ്വാസം എവിടെ" എന്നു പറഞ്ഞു; അവരോ ഭയപ്പെട്ടു:**
**ഇവൻ ആർ? അവൻ കാറ്റിനോടും വെള്ളത്തോടും കല്പിക്കുകയും അവ അനുസരിക്കുകയും**
**ചെയ്യുന്നു എന്ന് തമ്മിൽ പറഞ്ഞു ആശ്ചര്യപ്പെട്ടു.**

യേശുവും അവന്റെ ശിഷ്യന്മാരും കൊടുങ്കാറ്റിന്റെ മദ്ധ്യത്തിലായിരുന്നു (ലൂക്കൊസ് 8:22-25). സ്വാഭാവികമായും ശിഷ്യന്മാരും തങ്ങളാലാവുന്നത് ചെയ്തു. കാര്യങ്ങൾ കൈവിട്ടു പോകുന്നുവെന്നും വെള്ളമാകുന്ന ശവക്കുഴിയിലേക്ക് തങ്ങൾ പോകുമെന്നും ചിന്തിച്ച് അവർ യേശുവിനെ ഉണർത്തി. കൊടുങ്കാറ്റിൽപ്പെട്ട് ദാരുണാന്ത്യം വരിക്കുക എന്നതാണ് അവരെക്കുറിച്ചുള്ള ദൈവഹിതം എന്ന് കരുതി ഒരു അന്ത്യപ്രാർത്ഥന ചൊല്ലാനല്ല യേശു ഉറക്കം ഉണർന്നത്! പകരം, അവൻ ധൈര്യത്തോടെ എഴുന്നേറ്റ് പടകിനു മുൻഭാഗത്തേയ്ക്ക് ചെന്ന് കാറ്റിനെയും കടലിന്റെ ഓളങ്ങളെയും ശാസിച്ചു. അവിടെ ഒരു വലിയ ശാന്തത ഉണ്ടായി. ഒരു ചോദ്യം നമുക്ക് ചോദിക്കുവാനുണ്ട്—ഈ കൊടുങ്കാറ്റിന്റെ പിന്നിൽ ആരായിരുന്നു? അത് ദൈവമായിരുന്നോ, അതോ പിശാചാണോ, അല്ലെങ്കിൽ പ്രകൃതിയുടെ പ്രവർത്തിയായിരുന്നുവോ?

അത് ദൈവത്തിന്റെ പ്രവർത്തിയായിരിക്കില്ല. അങ്ങനെയെങ്കിൽ പിതാവിന്റെ ഹിതത്തോടു യേശു പോരാടുകയായിരുന്നു എന്നു വരും. അപ്പോൾ ഇത് കൊടുങ്കാറ്റിന് കാരണമായി പിശാചിന്റെ പ്രവർത്തിയോ അല്ലെങ്കിൽ പ്രകൃതിതന്നെ ചെയ്ത കാര്യമോ ആയിരിക്കും. ചലനങ്ങൾക്ക് ചില നിയമങ്ങൾ ദൈവം വച്ചിട്ടുണ്ട്. ഒരു ആപ്പിൾ മുകളിലേക്ക് എറിഞ്ഞാൽ അത് താഴേക്കു പതിക്കുന്നത് ദൈവം അതിനെ തള്ളിയിട്ടുകൊണ്ടല്ല, ഭൂമിയുടെ ഗുരുത്വാഗർഷണ ബലം കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. പ്രകൃതിയിൽ അതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ദൈവം ചില നിയമങ്ങൾ വച്ചിട്ടുണ്ട്. ഇയ്യോബിന്റെ പുസ്തകത്തിലെ 1, 2 അദ്ധ്യായങ്ങളിൽ സാത്താൻ

ദൈവസന്നിധിയിൽ നിന്ന് പുറപ്പെട്ട് ഇയ്യോബിനും കുടുംബത്തിനും തന്റെ വസ്തുവകകൾക്കും ദുരന്തങ്ങൾ സംഭവിക്കത്തക്ക വിധത്തിൽ അവരെ നശിപ്പിച്ചതായി നാം വായിക്കുന്നു. ദാരുണമായ സംഭവങ്ങൾ നടക്കുമ്പോൾ അതു ദൈവത്തിന്മേൽ കെട്ടിവയ്ക്കരുത്. കാരണം ദൈവം എന്നുമെന്നും നല്ലവനാണ്. ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം പിശാചോ അല്ലെങ്കിൽ അവ പ്രകൃതി നിയമങ്ങൾക്ക് വിധേയപ്പെട്ടതോ ആകാം.

ദൈവം ഒരു ദിവസം നല്ലവനും അടുത്ത ദിവസം ദോഷവാനും അല്ല. അവൻ എല്ലാ നാളും നല്ലവൻ തന്നെ!

യേശു കൊടുങ്കാറ്റിനെ ശാസിച്ചപ്പോൾ, അവൻ ശിഷ്യന്മാരുടെ നേരെ തിരിഞ്ഞ്, നിങ്ങൾ എന്തുകൊണ്ട് ആ ദിവസം പള്ളിയിൽ പോയില്ല എന്നല്ല ചോദിച്ചത്. "നിങ്ങളുടെ വിശ്വാസം എവിടെ?" എന്നായിരുന്നു ചോദിച്ചത്. രൗദ്രഭാവമുള്ള കൊടുങ്കാറ്റിന്റെ താണ്ഡവത്തിന്മേൽ വിശ്വാസത്തോടെ അധികാരം ഉപയോഗിക്കുവാൻ അവർക്ക് കഴിയുമെന്ന് അവന് അറിയാമായിരുന്നു. നമ്മിൽ ചിലരുടെ ജീവിതത്തില് ഇതുപോലെ കൊടുങ്കാറ്റുകൾ വീശിയടിക്കുമ്പോൾ ഇവയ്ക്കെതിരെ ദൈവത്തെ പഴിപറയാറുണ്ട്. ദൈവത്തെ പഴിചാരുന്നത് നിറുത്തൂ! നമുക്ക് എഴുന്നേറ്റ് അതിന്മേൽ അധികാരം എടുക്കാം. നമ്മുടെ നല്ലവനായ ദൈവത്തിലുള്ള ആഴമായ വിശ്വാസത്താൽ നാം അവയെ താഴെയിറക്കുമെന്ന് പറയാം. കൊടുങ്കാറ്റുകൾ അടിപ്പിച്ച് അതിൽ നമ്മുടെ ജീവിതത്തെ മുക്കിക്കളയുന്നത് നമ്മുടെ ഈ നല്ല ദൈവമല്ല. ഭൂമിയിൽ അൽപ്പകാലത്തേയ്ക്ക് തന്റെ പ്രവർത്തികളെ ചെയ്യുവാനായി പിശാചിന് ദൈവം അനുവദിച്ചിട്ടുണ്ടെങ്കിലും ദൈവം നമ്മെ ഉപേക്ഷിച്ചിട്ടില്ല, നിസ്സഹായരായും വിട്ടിട്ടില്ല. അവൻ നമുക്ക് ധരിക്കുവാനായി വിശ്വാസം എന്ന ആയുധവർഗ്ഗം നൽകി, ജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാനായി അവന്റെ വചനവും നമുക്കു നൽകി.

ദൈവം നീതിമാനായതിനാൽ, നീതിയും ന്യായമായ വിധിയും ഉണ്ടെന്നുള്ള ആശയവും ഇതിലുണ്ട്. എന്നാൽ ദൈവത്തിന്റെ നിയമത്തെയും അവൻ വച്ചിരിക്കുന്ന അതിരുകൾക്കപ്പുറത്തേയ്ക്ക് നടക്കുകയും ചെയ്യുന്ന സമയങ്ങൾക്കും വേണ്ടിയുള്ളതാണ് അവ.

ദൈവത്തെ അവൻ ആരാണെന്നതുകൊണ്ട് അവനെ ആരാധിക്കുക

എന്നതാണ് തൻ്റെ ആഗ്രഹം (അവൻ ആരെന്നറിഞ്ഞ് നന്ദിയും സ്തോത്രവും അർപ്പിക്കുക), അവൻ ആരാണെന്നതിന് അനുസൃതമായി നാം ജീവിക്കണം (അവൻ വിശുദ്ധനാണ്, അതുപോലെ നാമും വിശുദ്ധരായിരിക്കണം; അവൻ നല്ലവനാണ്, അതുകൊണ്ട് നാമും മറ്റുള്ളവർക്ക് നല്ലവരാകണം, നമ്മുടെ ജീവിതവും സ്വഭാവവും നല്ലവനായ ദൈവത്തിന് അനുസൃതമായ നിലയിൽ ആയിരിക്കണം). അതുപോലെ അവൻ ആരാണെന്നതിന്റെ പൂർണ്ണത നാം അനുഭവിക്കണം (അവന്റെ പൂർണ്ണത നാം കൈക്കൊള്ളുണമെന്ന് അവൻ ആഗ്രഹിക്കുന്നു). *"അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു"* (യോഹന്നാൻ 1:16).

നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ നന്മ നമുക്ക് അനുഭവിക്കുവാൻ കഴിയും. *"നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും"* (സങ്കീർത്തനം 23:6a).

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ്, ദൈവം മനുഷ്യനായി ഈ ഭൂമിയിൽ വന്നു. തന്റെ പേര് യേശു എന്നാണ്. അവൻ തികച്ചും പാപരഹിതമായ ഒരു ജീവിതം നയിച്ചു. ദൈവം ജഡത്തിൽ വന്നതാണ് യേശു എന്നതിനാൽ, താൻ പറഞ്ഞതും ചെയ്തതുമായ എല്ലാ കാര്യങ്ങളും ദൈവത്തെ നമുക്ക് വെളിപ്പെടുത്തി. താൻ പറഞ്ഞ വാക്കുകൾ ദൈവത്തിന്റെ വചനങ്ങളായിരുന്നു. താൻ ചെയ്ത കാര്യങ്ങളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ഭൂമിയിൽ അനേകം അത്ഭുതങ്ങൾ ചെയ്തു. അവൻ രോഗികളെയും കഷ്ടമനുഭവിക്കുന്നവരെയും സൗഖ്യമാക്കി. അവൻ കുരുടർക്ക് കാഴ്ച നൽകി, ബധിരരുടെ ചെവികൾ തുറന്നു, മുടന്തരെ നടത്തി, എല്ലാത്തരം രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തി. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അവൻ വിശന്നവരെ പോഷിപ്പിക്കുകയും, കൊടുങ്കാറ്റിനെ ശാന്തമാക്കുകയും, മറ്റു പല വീര്യപ്രവൃത്തികൾ നടത്തുകയും ചെയ്തു.

**ഈ പ്രവൃത്തികളെല്ലാം നമുക്ക് വെളിപ്പെടുത്തുന്നത് മനുഷ്യർ സുഖമായും, ശുഭമായും, ആരോഗ്യത്തോടെയും, സന്തോഷത്തോടെയും ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന നല്ലവനായ ഒരു ദൈവത്തെയാണ്. ദൈവം ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ആഗ്രഹിക്കുന്നു.**

അങ്ങനെയെങ്കിൽ എന്തിനുവേണ്ടിയാണ് ദൈവം ഒരു മനുഷ്യനാകുവാനും, ഈ ലോകത്തിലേക്കു വരുവാനും തീരുമാനിച്ചത്? എന്തിനു വേണ്ടിയാണ് യേശു വന്നത്?

നാമെല്ലാവരും പാപം ചെയ്ത് നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുൻപാകെ അസ്വീകാര്യമായ കാര്യങ്ങൾ ചെയ്തിരിക്കുന്നു. പാപത്തിനു അതിന്റെ അനന്തരഫലങ്ങളുണ്ട്. പാപം നമുക്കും ദൈവത്തിനുമിടയിൽ മറികടക്കാനാവാത്ത ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്നും വേർപ്പെടുത്തുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിൽ നിന്നും, അർത്ഥവത്തായ ബന്ധം പുലർത്തുന്നതിൽ നിന്നും അത് നമ്മെ തടയുന്നു. അതിനാൽ, നമ്മളിൽ പലരും ഈ ശൂന്യത മറ്റു പല കാര്യങ്ങൾകൊണ്ട് നികത്താൻ ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലം ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണമാണ്. നിത്യമായി ദൈവത്തിൽ നിന്ന് വേർപെട്ട് നരകത്തിൽ കഴിയുന്നതാണ് മരണം.

എന്നാൽ സുവാർത്ത എന്തെന്നാൽ പാപത്തിൽ നിന്ന് മോചിതരാകുവാനും ദൈവത്തിങ്കലേക്ക് യഥാസ്ഥാനപ്പെടുവാനും നമുക്ക് കഴിയും. ബൈബിൾ പറയുന്നു, ***"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ"*** **(റോമർ 6:23).** യേശു ക്രൂശിൽ മരിച്ചപ്പോൾ ലോകത്തിന്റെ മുഴുവൻ പാപത്തിനുമുള്ള മറുവില കൊടുത്തു. മൂന്നു ദിവസത്തിനു ശേഷം താൻ ഉയിർത്തെഴുന്നേറ്റു, തന്നെത്തന്നെ അനേകർക്ക് ജീവനുള്ളവനായി

വെളിപ്പെടുത്തി കൊടുത്തു, എന്നിട്ടവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപോയി.

ദൈവം സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും ദൈവമാണ്. ഒരു വ്യക്തിയും നരകത്തിൽ നഷ്ടമാകുവാൻ താൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, മുഴുവൻ മനുഷ്യവർഗ്ഗത്തിനും പാപത്തിൽ നിന്നും, അതിന്റെ ശാശ്വത അനന്തരഫലങ്ങളിൽ നിന്നും സ്വതന്ത്ര**രാകുവാനുള്ള** ഒരു മാർഗ്ഗം പ്രദാനം ചെയ്യുവാനാണ് അവൻ വന്നത്. അവൻ പാപികളെ രക്ഷിക്കുവാനാണ് വന്നത്—എന്നെയും, നിന്നെയും പോലുള്ള മനുഷ്യരെ പാപത്തിൽനിന്നും, നിത്യമരണത്തിൽ നിന്നും വിടുവിക്കുവാനാണ് വന്നത്.

സൗജന്യമായ ഈ പാപക്ഷമ ലഭ്യമാകുവാൻ, നാം ഒരു കാര്യം മാത്രമേ ചെയ്യേണ്ടതുള്ളൂ എന്ന് ബൈബിൾ നമ്മോടു പറയുന്നു—കർത്താവായ യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ചത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുകയും ചെയ്യുക എന്നതാണത്.

***"…. അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും"*** **(അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 10:43).**

***"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും"*** **(റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും ലഭിക്കും.

കർത്താവായ യേശുക്രിസ്തുവിലും, ക്രൂശിൽ അവൻ നിങ്ങൾക്കായി നിവർത്തിച്ച കാര്യങ്ങളിലും വിശ്വസിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിനുള്ള ലളിതമായ ഒരു പ്രാർത്ഥനയാണ് ഇനി പറയുന്നത്. യേശു നിങ്ങൾക്കുവേണ്ടി ചെയ്തിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുവാനും, നിങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശനം മാത്രമാണ്. നിങ്ങളുടെ സ്വന്തം വാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

*പ്രിയ കർത്താവായ യേശുവേ, ക്രൂശിൽ അങ്ങ് എനിക്കായി ചെയ്തതെന്താണെന്നു ഇന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അങ്ങ് എനിക്ക് വേണ്ടി മരിച്ചു, അങ്ങയുടെ വിലയേറിയ രക്തം ചൊരിഞ്ഞു, ഞാൻ ക്ഷമിക്കപ്പെടേണ്ടതിനു വേണ്ടി എന്റെ പാപങ്ങൾക്ക് പിഴ നൽകി. ബൈബിൾ എന്നോട് പറയുന്നത് അങ്ങയിൽ വിശ്വസിക്കുന്ന ഏവരുടെയും പാപങ്ങൾ ക്ഷമിക്കപെടും എന്നാണ്.*

*ഇന്ന്, അങ്ങയിൽ വിശ്വസിക്കുവാനും, ക്രൂശിൽ എനിക്കു വേണ്ടി മരിക്കുകയും മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽക്കുകയും ചെയ്തതിലൂടെ എനിക്കു വേണ്ടി ചെയ്തത് സ്വീകരിക്കുവാനും ഞാൻ തീരുമാനിക്കുന്നു. മറ്റൊരു മനുഷ്യനും എന്നെ രക്ഷിക്കുവാൻ കഴിയില്ലെന്നും, എന്റെ സൽപ്രവൃത്തികളാൽ എന്നെ സ്വയം*

*രക്ഷിക്കുവാൻ കഴിയില്ലെന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കുള്ള ക്ഷമ എനിക്കു നേടുവാൻ കഴിയുന്ന ഒന്നല്ല.*

*അങ്ങ് എനിക്ക് വേണ്ടി മരിച്ചു എന്നും, അങ്ങ് എന്റെ പാപങ്ങൾക്കുള്ള പിഴ കൊടുത്തു എന്നും അങ്ങ് മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നും ഇന്ന് ഞാൻ എന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും വായ് കൊണ്ട് ഏറ്റുപറകയും ചെയ്യുന്നു. അങ്ങയിലുള്ള വിശ്വാസത്താൽ ഞാൻ എന്റെ പാപങ്ങൾക്ക് ക്ഷമയും, ശുദ്ധീകരണവും പ്രാപിക്കുന്നു.*

*നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, അങ്ങയെ കൂടുതൽ അറിയുവാനും അങ്ങയോട് വിശ്വസ്തനാകുവാനും എന്നെ സഹായിക്കണമേ.*

*ആമേൻ.*

# ഓൾ പീപ്പിൾസ് ചർച്ചിനെ കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിലെ ഞങ്ങളുടെ ദർശനം ബാംഗ്ലൂർ നഗരത്തിൽ ഉപ്പും, വെളിച്ചവും ആയിരിക്കുക എന്നതും, നമ്മുടെ രാജ്യത്തോടും മറ്റ രാജ്യങ്ങളോടുമുള്ള ഒരു ശബ്ദമായിരിക്കുക എന്നതുമാണ്.

ഓൾ പീപ്പിൾസ് ചർച്ച് എന്നത് **യേശുവിനെ സ്നേഹിക്കുന്ന, ദൈവവചന കേന്ദ്രീകൃതമായ, പരിശുദ്ധാത്മനിറവുള്ള, ഒരു കുടുംബ** സഭയാണ്. ഇത് ഒരു സജ്ജീകരണ കേന്ദ്രമായും, സുവിശേഷദൗത്യ താവളമായും ആഗോള സേവനത്തിനായും നിലകൊള്ളുന്നു.

• ഒരു **കുടുംബ സഭ** എന്ന നിലയിൽ, ക്രിസ്തു കേന്ദ്രീകൃത കൂട്ടായ്മയുള്ള ഒരു സമൂഹമായി ഞങ്ങൾ ഒരുമിച്ച് വളരുകയും ദൈവസഭയെന്ന നിലയിൽ സ്നേഹത്തിൽ അന്യോന്യം കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു.

• ഒരു **സജ്ജീകരണ കേന്ദ്രം** എന്ന നിലയിൽ, വിജയകരമായി ജീവിക്കുവാനും ക്രിസ്തു സാദൃശ്യത്തിലേക്ക് വളരുവാനും തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശങ്ങൾ നിറവേറ്റുവാനും ഓരോ വിശ്വാസിയെയും നാം ശക്തീകരിക്കുകയും, സജ്ജരാക്കുകയും ചെയ്യുന്നു.

• ഒരു **സുവിശേഷദൗത്യ താവളം** എന്ന നിലയിൽ, ദൈവവചനത്തിലൂടെയും, പരിശുദ്ധാത്മശക്തിയുടെ അസാധാരണ പ്രദർശനങ്ങളിലൂടെയും, യേശു ക്രിസ്തുവിന്റെ പൂർണ്ണ സുവിശേഷത്താൽ നമ്മുടെ നഗരത്തെയും രാഷ്ട്രത്തെയും, മറ്റ രാജ്യങ്ങളെയും അനുഗ്രഹിക്കുന്നതിനുള്ള അർത്ഥവത്തായ ശുശ്രൂഷയിൽ ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നു.

• ആഗോള **സേവനത്തിന്റെ ഭാഗമായി**, ദൈവരാജ്യത്തിനായി തങ്ങളുടെ മേഖലകളെ സ്വാധീനിക്കാൻ കഴിയുന്ന ദൈവഭക്തരായ നേതാക്കന്മാരെയും, പരിശുദ്ധാത്മാവ് നിറഞ്ഞ സഭകളെയും പരിപോഷിപ്പിച്ചുകൊണ്ട് ഞങ്ങൾ പ്രാദേശികമായും ആഗോളതലത്തിലും സേവിക്കുന്നു.

എപിസി (APC) യിൽ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും പ്രദർശനത്തിലും പൂർണ്ണവും വിട്ടുവീഴ്ചയില്ലാത്തതുമായ ദൈവവചനം അവതരിപ്പിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സർഗ്ഗാത്മക അവതരണങ്ങൾ, ഉജ്ജ്വലമായ വിശ്വാസ സമർത്ഥനം, സമകാലീന ശുശ്രൂഷാരീതികൾ, നൂതന സാങ്കേതികവിദ്യ മുതലായവ, അടയാളങ്ങൾ, അത്ഭുതങ്ങൾ, വീര്യപ്രവർത്തികൾ, പരിശുദ്ധാത്മ വരങ്ങൾ എന്നിവ ഉപയോഗിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വചനം പ്രസ്താവിക്കുക എന്ന ദൈവനിയമിത സമീപനത്തിന് പകരമാവില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. (1 കൊരിന്ത്യർ 2:4,5; എബ്രായർ 2:3,4). ഞങ്ങളുടെ പ്രമേയം യേശുവാണ്, ഞങ്ങളുടെ ഉള്ളടക്കം ദൈവവചനമാണ്, ഞങ്ങളുടെ രീതി പരിശുദ്ധാത്മാവിന്റെ ശക്തിയാണ്, ഞങ്ങളുടെ അഭിനിവേശം ജനങ്ങളാണ്, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുതുല്യമായ പക്വതയാണ്.

ബാംഗ്ലൂർ ആസ്ഥാനമായ ഓൾ പീപ്പിൾസ് ചർച്ചിന്, ഇന്ത്യയിൽ നിരവധിയിടങ്ങളിൽ സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ച് ലൊക്കേഷനുകളുടെ നിലവിലെ പട്ടികയും, ബന്ധപ്പെടേണ്ട വിവരങ്ങളും ലഭിക്കുന്നതിന് ദയവായി **apcwo.org/locations** എന്ന ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **contact@apcwo.org** ലേക്ക് ഇമെയിൽ അയക്കുക.

## സൗജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival
A Real Place Called Heaven
A Time for Every Purpose
Ancient Landmarks
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change
Code of Honor
Divine Favor
Divine Order in the Citywide Church
Don't Compromise Your Calling
Don't Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God's Purpose for Your Life
Giving Birth to the Purposes of God
Gifts of the Holy Spirit
God Is a Good God
God's Word—The Miracle Seed
How to Help Your Pastor
Integrity
Kingdom Builders
Laying the Axe to the Root
Living Life Without Strife
Marriage and Family
Ministering Healing and Deliverance
Offenses—Don't Take Them
Open Heavens
Our Redemption
Receiving God's Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith
The Conquest of the Mind
The Father's Love
The House of God
The Kingdom of God
The Mighty Name of Jesus
The Night Seasons of Life
The Power of Commitment
The Presence of God
The Redemptive Heart of God
The Refiner's Fire
The Spirit of Wisdom, Revelation and Power
The Wonderful Benefits of Praying in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different
Who We Are in Christ
Women in the Workplace
Work—Its Original Design

പുതിയ പുസ്തകങ്ങൾ പതിവായി പ്രസിദ്ധീകരിക്കുന്നു. PDF, ഓഡിയോ, മറ്റു ഫോർമാറ്റുകളിൽ സൗജന്യ എപിസി ക്രിസ്തീയ പുസ്തകങ്ങൾ ഡൗൺലോഡ് ചെയ്യുവാൻ **apcwo.org/books** സന്ദർശിക്കുക. ഈ പുസ്തകങ്ങളിൽ പലതും ഇതര ഭാഷകളിൽ ലഭ്യമാണ്. സൗജന്യ ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ, പ്രഭാഷണ കുറിപ്പുകൾ, തുടങ്ങിയവക്കായി **apcwo.org/sermons** സന്ദർശിക്കുക.

# ക്രിസലിസ് കൗൺസെലിംഗ്

ജീവിതത്തിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും വ്യക്തികളെ സഹായിക്കുന്നതിനായി ക്രിസലിസ് കൗൺസെലിംഗ് വ്യക്തിഗത കൗൺസെലിംഗ് ലഭ്യമാക്കുന്നു. വിദഗ്ധ പരിശീലനം ലഭിച്ചവരും പരിചയസമ്പന്നരുമായ ക്രിസ്ത്യൻ കൗൺസെലർമാരുടെ ഒരു സംഘമാണ് ക്രിസലിസ് കൗൺസെലിംഗ്

ഞങ്ങളുടെ സേവനങ്ങൾ എല്ലാ പ്രായക്കാർക്കുമുള്ളതാണ്, മാത്രമല്ല ജീവിതത്തിലെ വിവിധങ്ങളായ വെല്ലുവിളികളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു.

- **കൗമാരക്കാർ**
- **വ്യക്തിപരമായ പൊരുത്തപ്പെടലുകൾ**
- **ബന്ധങ്ങളിലെ വെല്ലുവിളികൾ**
- **പഠനസംബന്ധിയായ മോശം പ്രകടനം**
- **ജോലി സംബന്ധമായ പ്രശ്നങ്ങൾ**
- **കുടുംബം / ദമ്പതികൾ: വിവാഹത്തിന് മുൻപുള്ള, വിവാഹപരമായ**
- **മാതാപിതാക്കൾ / കുട്ടികൾ / സഹോദരങ്ങൾ / സഹപ്രവർത്തകർ**
- **പെരുമാറ്റ വൈകല്യങ്ങൾ**
- **വ്യക്തിത്വ വൈകല്യങ്ങൾ**
- **മാനസിക / വൈകാരിക പ്രശ്നങ്ങൾ**
- **സമ്മർദ്ദം / മാനസികാഘാതം**
- **മദ്യം / മയക്കുമരുന്ന് ദുരുപയോഗം**
- **ആത്മീയ പ്രശ്നങ്ങൾ**
- **ജീവിത പരിശീലനം**

കൗൺസെലിംഗ് സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്നതും മിതമായ നിരക്കിലുള്ളതുമാണ്.

ഞങ്ങളുടെ പരിശീലനം ലഭിച്ച കൌൺസെലർമാരിൽ ഒരാളുമായി കൂടിക്കാഴ്ച ഷെഡ്യൂൾ ചെയ്യുവാൻ വേണ്ട വിവരങ്ങൾ:

**വെബ്സൈറ്റ്: chrysalislife.org**
**ഫോൺ:** +91-80-25452617 അല്ലെങ്കിൽ ടോൾ ഫ്രീ (ഇന്ത്യയ്ക്ക് അകത്ത്) 1-800-300-00998
**ഇമെയിൽ:** counselor@chrysalislife.org

ക്രിസലിസ് കൗൺസെലിംഗ് ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ചിന്റെ ഒരു ശുശ്രൂഷയാണ്.

# ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളിയാകുക

ഓൾ പീപ്പിൾസ് ചർച്ച് ഒരു പ്രാദേശിക സഭ എന്ന അതിർ വരമ്പുകൾക്ക് അപ്പുറത്ത് ഇന്ത്യയിലുടനീളം, പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ, (1) നേതാക്കന്മാരെ ബലപ്പെടുത്തുക, (2) യുവാക്കളെ ശുശ്രൂഷയ്ക്ക് സജ്ജരാകുക, (3) ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിതെടുക്കുക എന്നീ കാര്യങ്ങളിൽ ശ്രദ്ധചെലുത്തി പ്രവർത്തങ്ങൾ നടത്തി വരുന്നു. യുവജനങ്ങൾക്കായി പ്രത്യേക പരിശീലന സെമിനാറുകളും, 'ക്രിസ്തീയ നേതൃത്വ സംഗമങ്ങളും' വർഷത്തിലുടനീളം നടത്തപ്പെടുന്നു. ഇതിനു പുറമെ, ദൈവവചനത്തിലും പരിശുദ്ധാത്മാവിലും വിശ്വാസികളെ സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെ പ്രസിദ്ധീകരണങ്ങളുടെ ആയിരകണക്കിന് പകർപ്പുകൾ ഇംഗ്ലീഷിലും മറ്റു ഇന്ത്യൻ ഭാഷകളിലും സൗജന്യമായി വിതരണം ചെയ്യുന്നു.

ഒരിക്കലായോ പ്രതിമാസമോ ഒരു സംഭാവന അയച്ചുകൊണ്ട് സാമ്പത്തികമായി ഞങ്ങളുടെ സഹകാരിയാകുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാൻ നിങ്ങൾക്കു അയക്കാൻ കഴിയുന്ന ഏതു തുകയും വളരെയധികം വിലപ്പെട്ടതാണ്.

നിങ്ങളുടെ സംഭാവനകൾ "All Peoples Church"—ന്റെ പേരിലുള്ള ചെക്ക്/ ബാങ്ക് ഡ്രാഫ്റ്റ് ആയിട്ട് ഞങ്ങളുടെ ഓഫീസിലെ വിലാസത്തിലേക്ക് അയക്കാം. അല്ലാത്തപക്ഷം, ഞങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉപയോഗിച്ച് ബാങ്ക് ട്രാൻസ്ഫർ വഴി നിങ്ങളുടെ സംഭാവനകൾ നേരിട്ടും അയക്കാം.

**അക്കൗണ്ടിന്റെ പേര്:** All Peoples Church
**അക്കൗണ്ട് നമ്പർ:** 50200068829058
**IFSC കോഡ്:** HDFC0004367
**ബാങ്ക്:** HDFC Bank, 7M/308 80 Ft Rd, HRBR layout, Kalyan Nagar, Bengaluru, Karnataka 560043.

***ദയവായി ശ്രദ്ധിക്കുക:*** *ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യ കേന്ദ്രീകൃതമായ ബാങ്ക് അക്കൗണ്ടിൽ നിന്നും മാത്രമേ സംഭാവനകൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. സംഭാവനകൾ നൽകുമ്പോൾ, നിങ്ങളുടെ സംഭാവന ഉപയോഗിക്കപ്പെടേണ്ട പ്രത്യേക എപിസി ശുശ്രൂഷ ഏതെന്നു, ആവശ്യമെങ്കിൽ, നിങ്ങൾക്കു സൂചിപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, ദയവായി* **apcwo.org/give** *സന്ദർശിക്കുക.*

കൂടാതെ, നിങ്ങൾക്കു കഴിയുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ഓർക്കണമേ.


**നിങ്ങൾക്ക് നന്ദി, ദൈവം അനുഗ്രഹിക്കട്ടെ!**

# DOWNLOAD THE FREE APP!

*Search for*
"All Peoples Church Bangalore"
in the App or Google play stores.

Available on the App Store

ANDROID APP ON Google play




*A daily 5-minute video devotional.*
*A daily Bible reading and prayer guide.*
*5-minute Sermon summary.*
*Toolkit with Scriptures on various topics to build faith and information to share the Gospel.*
*Resources with sermons, sermon notes, TV programs, books, music and more.*

*IF YOU LOVE IT, TELL OTHERS ABOUT IT!*

# ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ്

apcbiblecollege.org

ഇന്ത്യയിൽ, ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജും ശുശ്രൂഷ പരിശീലന കേന്ദ്രവും ഉപദേശ കൃത്യതയുള്ളതും ബൗദ്ധിക ഉത്തേജനം നൽകുന്നതുമായ വേദപഠനത്തിനൊപ്പം പരിശുദ്ധാത്മാവിന്റെ അമാനുഷിക ശക്തിയിൽ ശുശ്രൂഷിക്കുന്നതിനുമായി ആത്മനിറവോടും, അഭിഷേകത്തോടും കൂടെ പ്രായോഗികപരിചയം ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്യുന്നു. കർത്താവുമായുള്ള ഉറ്റ ബന്ധത്തിൽ നിന്നും ഉരുത്തിരിയുന്ന ദൈവീക സ്വഭാവം, ദൈവവചനത്തിൽ ആഴത്തിലുള്ള അടിസ്ഥാനം, അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, വിടുതലുകളുടെയും ശക്തമായ പ്രകടനങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുക്കുന്ന ശുശ്രൂഷയ്ക്കായി വ്യക്തികളെ ആകമാനമായി വളർത്തിയെടുക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജിൽ (എ.പി.സി.-ബി.സി), കൃത്യതയുള്ള അദ്ധ്യയനത്തിനൊപ്പം, ദൈവസ്നേഹത്തിന്റെ പ്രദർശനങ്ങൾക്കും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും, സാന്നിധ്യത്തിനും, ദൈവത്തിന്റെ അമാനുഷിക പ്രവൃത്തികൾക്കും ഊന്നൽ നൽകുന്നു. ദൈവീക വിളി ലഭിച്ച നിരവധി യുവാക്കളെയും, യുവതികളെയും അത് നിറവേറ്റുന്നതിനായി പരിശീലിപ്പിച്ച് അയച്ചുകൊണ്ടിരിക്കുന്നു.

ഞങ്ങൾ മൂന്ന് പ്രോഗ്രാമുകൾ നൽകുന്നു.

- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് (C.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും രണ്ട് വർഷത്തെ ഡിപ്ലോമ കോഴ്സ് (Dip.Th.)
- ദൈവശാസ്ത്രത്തിലും ക്രിസ്തീയ ശുശ്രൂഷയിലും മൂന്ന് വർഷത്തെ ബാച്ച്‌ലേർസ് കോഴ്സ് (B.Th.)

ഓരോ പ്രവൃത്തിദിവസവും, **തിങ്കൾ മുതൽ വെള്ളി വരെ, ഇന്ത്യൻ സമയം രാവിലെ 9:00 മുതൽ ഉച്ചയ്ക്ക് 12:00 വരെ (UTC+5:30)** ക്ലാസുകൾ നടക്കുന്നു. ഞങ്ങൾ മൂന്ന് വ്യത്യസ്ത പഠന രീതികൾ നൽകുന്നു.

- **കാമ്പസിൽ:** ക്യാമ്പസിൽ നേരിട്ടുള്ള ക്ലാസുകൾ നടത്തുന്നു.
- **വിദൂര പഠനം:** ഓൺലൈനിൽ തത്സമയം പഠിപ്പിക്കുന്നു.
- **ഇ-ലേണിംഗ്:** ഓൺലൈൻ പോർട്ടലിലൂടെ സ്വയം പഠിക്കുവാനുള്ള അവസരമൊരുക്കുന്നു **apcbiblecollege.org/elearn.**

ഓൺലൈനായി അപേക്ഷിക്കുന്നതിനും, കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, ട്യൂഷൻ ചെലവുകൾ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും ദയവായി **apcbiblecollege.org** സന്ദർശിക്കുക.

മറ്റുള്ളവർ ദൈവത്തെക്കുറിച്ച് എന്താണ് പറഞ്ഞത് കൂടാതെ അനുഭവങ്ങൾ, നിരീക്ഷണങ്ങൾ, വായന, വിശകലനങ്ങൾ എന്നിവയുടെ ഫലമായുള്ള നിഗമനങ്ങളിലൂടെയെല്ലാം ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ചിത്രം നാം വികസിപ്പിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഇവയെല്ലാം ശരിയായിരിക്കണമെന്നില്ല!

മുൻകാല അനുഭവങ്ങളെ അടിസ്ഥാനമാക്കി ദൈവം ആരാണ്, അവൻ എന്ത് ചെയ്യുന്നു, എങ്ങനെയെല്ലാം പ്രവർത്തിക്കുന്നു എന്നൊക്കെയുള്ള നമ്മുടെ പക്ഷപാതപരമായ തെറ്റിദ്ധാരണകളും തെറ്റായ സങ്കല്പങ്ങളും ഒക്കെ കാത്തുസൂക്ഷിക്കുവാനായി നാം ശ്രമിക്കാറുണ്ട്. ചില അവസരങ്ങളിൽ മതപരമായ സ്ഥലങ്ങളിൽ നാം കേട്ടിട്ടുള്ളതും, ആത്മീയരചനകളിൽ വായിച്ചതുമെല്ലാം ദൈവത്തെ തെറ്റായി ചിത്രീകരിച്ചേക്കാം. മാത്രമല്ല ദൈവത്തെക്കുറിച്ചുള്ള തെറ്റായതും വികൃതവുമായ ഒരു ചിത്രമായിരിക്കാം ലഭിച്ചിരിക്കുന്നത്. ദൈവം മോശക്കാരനും ക്രൂരനുമാകാമെന്നും പലപ്പോഴും നാം കരുതുന്നു.

ഈ പുസ്തകം ദൈവത്തിൻറെ പുതിയ ചിത്രത്തെ ചിത്രീകരിക്കുന്നു. ദൈവം ഒരു നല്ല ദൈവമാണെന്ന് ബൈബിളിൽ നിന്ന് കാണിച്ചു തരുന്നു.

**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org